പൈസയും, 13-10-1985 മുതൽ 9 പൈസയും, 2-2-1986 മുതൽ 14 പൈസയും, 28-9-1986 മുതൽ 8 പൈസയും വീതം വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) ഏറ്റവും ഒടുവിൽ വർദ്ധിപ്പിച്ചത് 28-9-1986-ൽ. കോമൺ ഫൈൻ, സൂപ്പർഫൈൻ എന്നീ ഇനങ്ങളിലുള്ള അരിക്ക് കിലോഗ്രാമിന് 2 രൂപ 58 പൈസ, 2 രൂപ 70 പൈസ, 2 രൂപ 85 പൈസ എന്നീ ക്രമത്തിലാണ്.

(ഡി) ഒരു കിലോഗ്രാമിന് 8 പൈസയുടെ വർദ്ധനവുണ്ടായി. കോമൺ ഫൈൻ, സൂപ്പർഫൈൻ എന്നീ ഇനങ്ങളിലുള്ള അരിയുടെ നേരത്തേയുള്ള വിലകളുടെ യഥാക്രമം 3.2 ശതമാനം, 3.05 ശതമാനം, 2.9 ശതമാനം വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്.

(ഇ) അരിയുടെ മുഴുവൻ വിലയും കേന്ദ്ര ഗവൺമെൻറിനാണ് നൽകുന്നത്. വർദ്ധിപ്പിച്ച വില, സംസ്ഥാന ഗവൺമെൻറിന് ലഭിക്കുന്നില്ല. അതുമൂലം സംസ്ഥാന ഗവൺമെൻറിന് അധിക വരുമാനമൊന്നും ലഭിച്ചിട്ടില്ല.

(എഫ്) 13-8-1983 ഒഴികെയുള്ള എല്ലാ വിലവർദ്ധനവും ഉണ്ടായിട്ടുള്ളത് കേന്ദ്ര ഗവൺമെൻറ് റേഷനരിയുടെ വിതരണ വില വർദ്ധിപ്പിച്ചതു മൂലമാണ്. 13-6-1983-ൽ ഉണ്ടായ വർദ്ധനവ് സംസ്ഥാന സർക്കാർ അഡീഷണൽ സെയിൽസ്ടാക്സ് 10 ശതമാനത്തിൽനിന്നും 15 ശതമാനമായി വർദ്ധിപ്പിച്ചതുമൂലമുണ്ടായിട്ടുള്ളതാണ്. 16-1-1984-ൽ 21 പൈസ വർദ്ധിപ്പിച്ചത് കേന്ദ്ര ഗവൺമെൻറ് വർദ്ധനവും വ്യാപാരികൾക്ക് അനുവദിച്ച കമ്മീഷൻ വർദ്ധനവും കണക്കിലെടുത്താണ്.

(ജി) 1981-ൽ നിലവിലുണ്ടായിരുന്ന ചില്ലറ വില്പന വില കോമൺ ഫൈൻ, സൂപ്പർഫൈൻ എന്നീ ഇനങ്ങളിലുള്ള അരിക്ക് കിലോഗ്രാമിന് യഥാക്രമം 1 രൂപ 96 പൈസ, 2 രൂപ 08 പൈസ, 2 രൂപ 23 പൈസ എന്നിങ്ങനെയായിരുന്നു. 1982 ജനുവരി ഒന്നിന് ഇതേ വിലതന്നെയാണ് നിലവിലുണ്ടായിരുന്നത്.

(എച്ച്) ഇല്ല. കേന്ദ്ര ഗവൺമെൻറ് വില വർദ്ധിപ്പിക്കുമ്പോൾ ആ വില സംസ്ഥാനത്തിനും ബാധകമാണ്.

(ഐ) ചോദ്യം ഉദിക്കുന്നില്ല.

സൗജന്യ റേഷൻ നൽകാൻ വിസമ്മതിച്ച റേഷൻ കട ഉടമകൾ

* 49. [49] ശ്രീ. കെ. പി. എ. മജീദ് :
,, കെ. പി. രാമൻ :
,, പി. എം. അബൂബക്കർ :
,, പി. കെ. ബാവ :
,, നാലകത്തു സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷേമവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ കഴിഞ്ഞ ഓണത്തിന് സൗജന്യ റേഷൻ നൽകാൻ റേഷൻ ഷോപ്പുകാർ വിസമ്മതിച്ച സംഭവം സർക്കാരിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അത്തരം റേഷൻ ഷോപ്പ് ലൈസൻസികളുടെ മേൽ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കാമോ ?

ക്ഷേമവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ) :

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly